# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1219

01.07.2015 - ൽ മറുപടിയ്ക്ക്

## കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. ജി.സുധാകരൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |
| എ) ചകിരിയുടെ ദൗർലഭ്യം കയർ വ്യവസായ ത്തെയും തൊഴിലാളിക ളെയും പ്രതിസന്ധിയിലാക്കിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടു ണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുള്ള വിലവർദ്ധനവും കയർ വ്യവസായ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ട ായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് - 'തൊണ്ട് **<u>സംഭരണവും ചകിരി ഉല്പാദനവും</u>'** സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതി പ്രകാരം, തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്ന സ്ഥാപനത്തിൽ എത്തിക്കുന്നവർക്ക് പച്ചത്തൊണ്ടിന് 25 പൈസ നിരക്കിലും, ഉണക്കത്തൊ ണ്ടിന് 15 പൈസ നിരക്കിലും ഇൻസെന്റീവ് നൽകുന്നതാണ്. കയർ മേഖലയിൽ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ടു സംഭരിക്കുന്നതിനും മറ്റ് ഏജൻസികൾ മുഖാന്തിരം സംഭരിക്കുന്നതിനും ഉൾപ്പെടെ) 5,000 തൊണ്ടിന് 250/- രൂപയും, കൂടുതലായി സംഭരിക്കുന്ന ഓരോ ആയിരം തൊണ്ടിനും 50/- രൂപ എന്ന കണക്കിലും വാഹന വാടക നൽകും. മിനി ഡീഫൈബറിംഗ് മെഷിൻ ഉപയോഗിക്കുന്ന യൂണിറ്റുകൾക്ക്, തൊഴിലാളികൾ തൊണ്ട് സംഭരിച്ച നൽകുമ്പോൾ പ്രതിദിന വേത |

| | |
|---|---|
| | നമായി തൊണ്ട് ഒന്നിന് 40 പൈസ വച്ച് 400 പച്ച തൊണ്ടിന് 160 രൂപ സർക്കാർ വിഹിതവേതനമായി നൽകുന്നു. കൂടാതെ സംഭരിക്കുന്ന തൊണ്ട് ചകിരിയാക്കുന്ന സ്ഥാപനത്തിന് (കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് ചകിരി വിൽക്കുന്നവർക്ക്) പച്ചതൊണ്ട് ഒന്നിന് 25 പൈസ (Rs.3/ per Kg) സബ്സിഡിയും കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരണത്തിന് 2 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടും സർക്കാർ നൽകുന്നു. ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ചകിരി ഉല്പാദിപ്പിക്കുന്ന തൊഴിലാളികൾക്ക് ചകിരി ഉല്പാദിപ്പിക്കുമ്പോൾ പച്ചതൊണ്ട് ഒന്നിന് 20 പൈസ വരെ ആനുകൂല്യം കൂടി ലഭിക്കുന്നു. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000/- രൂപയുടെ പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ഉണക്ക തൊണ്ടും പച്ചത്തൊണ്ടും ചതച്ച് ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി ഫാക്ടറിയിലൂടെ ഉല്പാദിപ്പിച്ച് കയർമേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) കയർ മേഖലയിലുള്ള ആകെ തൊഴിലാളികളുടെ എണ്ണം എത്രയാണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; ഇതിൽ എത്ര ശതമാനം പേർക്ക് നിലവിൽ തൊഴിൽ ലഭിക്കുന്നുണ്ട് ; തൊഴിൽ ദിനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ; | ബി) കയർമേഖലയിൽ 3.75 ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതിൽ സഹകരണ മേഖലയിൽ, ഏകദേശം 90,000 ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളേക്കാൾ കൂടുതൽ പേർ സ്വകാര്യമേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. നിലവിൽ ശരാശരി 155 ദിവസം തൊഴിൽ നൽകാൻ സാധിക്കുന്നുണ്ട്. |
| സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ തൊണ്ട് സംഭരിക്കുന്നതിന് എന്ത് സംവിധാനമാണ് ഉള്ളതെന്നും എത്ര ശതമാനം തൊണ്ടാണ് ശേഖരിക്കുന്നതെന്നും അറിയിക്കാമോ ; | സി) തൊണ്ട് സംഭരണത്തിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. തൊണ്ട് സംഭരണത്തിനായി 36 തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിരുന്നു. പ്രവർത്തന മൂലധനമായി ഓരോ കൺസോർഷ്യത്തിനും 5 ലക്ഷം രൂപ വീതം 180 ലക്ഷം രൂപ അനുവദിച്ചിരുന്നു. സംസ്ഥാനത്ത് |

| | |
|---|---|
| | ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ തൊണ്ട് സംഭരിക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി ഉദ്ദേശിച്ച രീതിയിൽ ഫലപ്രദമല്ലെന്ന് കണ്ടതിനാൽ 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് 05.02.2015 ലെ 116/2015/വ്യവ നമ്പർ ഉത്തരവു പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എത്ര ശതമാനം തൊണ്ട് ശേഖരിക്കുന്നതിനല്ല, മറിച്ച് ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ പരമാവധി തൊണ്ട് ശേഖരിച്ച് ചകിരിയാക്കുക എന്നതാണ് പുതിയ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) തൊണ്ട് സംഭരണം ഊർജ്ജിതമാക്കി ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കയർ മേഖലയിലുള്ള തൊഴിൽ സ്തംഭനം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | ഡി) തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 2010 ലും 2012 ലും തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പ്രതീക്ഷിച്ച നേട്ടം ഈ മേഖലയിൽ കൈവരിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനും കയർമേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർമേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കുക എന്നതു കൂടി ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

40